പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 229

# 2013-ലെ അബ്കാരി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 229

# 2013-ലെ അബ്കാരി (ഭേദഗതി) ബിൽ

784/2013.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 229

# 2013-ലെ അബ്കാരി (ഭേദഗതി) ബിൽ

1077-ലെ അബ്കാരി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1077-ലെ അബ്കാരി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ അബ്കാരി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) 6-ാം വകുപ്പിന്റെ (എ) ഖണ്ഡം 2013 ഏപ്രിൽ 26-ാം തീയതി പ്രാബല്യത്തിൽ വന്നതായും ശേഷിക്കുന്ന വകുപ്പുകൾ 2013 ഫെബ്രുവരി 27-ാം തീയതി പ്രാബല്യത്തിൽ വന്നതായും കരുതപ്പെടേണ്ടതാണ്.

2. 15എ വകുപ്പിന്റെ ഭേദഗതി.—1077-ലെ അബ്കാരി ആക്റ്റിലെ (1077-ലെ 1) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 15എ വകുപ്പിൽ,—

(എ) മാർജിനൽ ശീർഷകത്തിൽ "18" എന്ന അക്കത്തിനു പകരം "21" എന്ന അക്കം ചേർക്കേണ്ടതാണ്;

(ബി) വകുപ്പിൽ, ''18'' എന്ന അക്കത്തിനു പകരം ''21'' എന്ന അക്കം ചേർക്കേണ്ടതാണ്.

3. 15ബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 15ബി വകുപ്പിൽ,—

(എ) മാർജിനൽ ശീർഷകത്തിൽ "18" എന്ന അക്കത്തിനു പകരം "21" എന്ന അക്കം ചേർക്കേണ്ടതാണ്;

(ബി) വകുപ്പിൽ, ''പതിനെട്ട്'' എന്ന വാക്കിനു പകരം ''ഇരുപത്തിയൊന്ന്'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

784/2013.

4. 18-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിൽ, (ബി) ഖണ്ഡത്തിനും അതിനെതിരെയുള്ള ഉൾക്കുറിപ്പുകൾക്കും പകരം, താഴെ പറയുന്ന ഖണ്ഡവും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| "(ബി) | വിദേശമദ്യത്തിന് (ഇന്ത്യൻ നിർമ്മിതം) ഗ്യാലനേജ് ഫീസിന്റെ രൂപത്തിൽ ചുമത്തുമ്പോൾ | ഓരോ ബൾക്ക് ലിറ്ററിനും 30 രൂപ (മുപ്പത് രൂപ)". |

5. 55ഐ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 55എച്ച് വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''55ഐ. തിയേറ്ററുകളിൽ പ്രദർശിപ്പിക്കുന്ന സിനിമകളിൽ മുന്നറിയിപ്പ് കൂടാതെ മദ്യത്തിന്റെയോ മദ്യത്തിന്റെ ഉപഭോഗത്തിന്റെയോ പ്രദർശനത്തിന്റെയോ രംഗം കാണിക്കുന്നതിനുള്ള ശിക്ഷ.—(1) സിനിമകളിൽ മദ്യത്തിന്റെ ഉപയോഗമോ ഉപഭോഗമോ പ്രദർശനമോ അടങ്ങിയിരിക്കുന്ന യാതൊരു രംഗവും, അങ്ങനെയുള്ള രംഗത്തിൽ, വ്യത്യസ്തമായ നിറങ്ങളിൽ വ്യക്തമായി കാണാൻ കഴിയുന്നതും രംഗത്തിന്റെ ആകെ വലിപ്പത്തിന്റെ 1/10 വലിപ്പമുള്ളതുമായ "CONSUMPTION OF ALCOHOL IS INJURIOUS TO HEALTH/മദ്യപാനം ആരോഗ്യത്തിന് ഹാനികരം" എന്ന മുന്നറിയിപ്പോടുകൂടിയല്ലാതെ ചിത്രീകരിക്കുകയും തിയേറ്ററുകളിൽ പ്രദർശിപ്പിക്കുകയും ചെയ്യുവാൻ പാടുള്ളതല്ല.

(2) ഏതെങ്കിലും തിയേറ്ററിൽ, (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിച്ചുകൊണ്ടുള്ള ഒരു രംഗം ഉള്ള ഏതെങ്കിലും സിനിമ പ്രദർശിപ്പിക്കുകയോ പ്രദർശിപ്പിക്കുന്നതിന് ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ, ആറ് മാസം വരെയാകാവുന്ന വെറും തടവിനോ പതിനായിരം രൂപ വരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ ഇവ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടേണ്ടതാണ്.".

6. 67-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 67-ാം വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിൽ, "25,000 രൂപ (ഇരുപത്തയ്യായിരം രൂപ മാത്രം)" എന്ന അക്കങ്ങൾക്കും വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "3,00,000 രൂപ (മൂന്ന് ലക്ഷം രൂപ)" എന്ന അക്കങ്ങളും വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(3) ഈ ആക്റ്റിൻകീഴിൽ ഒരു ലൈസൻസ് കൈവശമുള്ള, ഒരു ഹോട്ടൽ (റസ്റ്റോറന്റ്) ഉള്ള ഒരു പങ്കാളിത്ത ഫേമോ, ഒരു കമ്പനിയോ കമ്മീഷണറുടെ മുൻകൂർ അനുമതി കൂടാതെ അങ്ങനെയുള്ള പങ്കാളിത്ത ഫേം രൂപീകരിച്ചുകൊണ്ടുള്ള ഏതെങ്കിലും പ്രമാണമോ കമ്പനിയുടെ ഡയറക്ടർ ബോർഡോ, ഏതിന്റെ ബലത്തിലാണോ അങ്ങനെയുള്ള ലൈസൻസ് നൽകിയിട്ടുള്ളത്, അത് പുനർരൂപീകരിക്കുകയോ മാറ്റം വരുത്തുകയോ രൂപഭേദം വരുത്തുകയോ ചെയ്യുന്നിടത്ത്, (2)-ാം ഉപവകുപ്പ് പ്രകാരം ചുമത്തിയിട്ടുള്ള പിഴ ഒടുക്കുന്നതിൻമേലും അങ്ങനെയുള്ള ലൈസൻസിയിൽ നിന്നുള്ള ഒരു അപേക്ഷയിൻമേലും ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്കും അതിൻകീഴിൽ

ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായും ചട്ടങ്ങളിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഫീസ് സ്വീകരിച്ചതിനുശേഷം അങ്ങനെയുള്ള പുനർരൂപീകരണം, മാറ്റം വരുത്തൽ അഥവാ രൂപഭേദപ്പെടുത്തൽ കമ്മീഷണർക്ക് ക്രമവൽക്കരിക്കാവുന്നതാണ്.".

7. 67എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 67എ വകുപ്പിൽ, (1)-ാം ഉപവകുപ്പിൻകീഴിലുള്ള പട്ടികയുടെ (1)-ാം കോളത്തിൽ, "18" എന്ന അക്കം വരുന്ന രണ്ടിടത്തും "21" എന്ന അക്കം പകരം ചേർക്കേണ്ടതാണ്.

8. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ അബ്കാരി (ഭേദഗതി) ഓർഡിനൻസ് (2013-ലെ 32) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

മദ്യത്തിന്റെ ഉപഭോഗം സംസ്ഥാനത്ത് ദിനംപ്രതി വർദ്ധിച്ചു വരികയാണ്. വർദ്ധിച്ചുവരുന്ന മദ്യത്തിന്റെ ഉപഭോഗമെന്ന ഈ ദുരിതത്തിലേക്ക് വിദ്യാർത്ഥികളും യുവജനങ്ങളും ആകർഷിക്കപ്പെടുന്നതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു. സിനിമയിലെ മദ്യത്തിന്റെ ഉപയോഗമോ ഉപഭോഗമോ പ്രദർശനമോ അടങ്ങിയിരിക്കുന്ന രംഗങ്ങൾ മദ്യം ഉപയോഗിക്കുന്നതിന് ആളുകളെ സ്വാധീനിച്ചേക്കാം. ഈ സാഹചര്യത്തിൽ, മദ്യത്തിന്റെ ഉപഭോഗത്തിനോ ഉപയോഗത്തിനോ ഉള്ള കുറഞ്ഞ പ്രായപരിധി 18 വയസിൽ നിന്നും 21 വയസായി ഉയർത്തുന്നതിനും 21 വയസ്സിൽ താഴെയുള്ള ആളുകളെ മദ്യത്തിന്റെ ഉപഭോഗത്തിൽ നിന്നും പിൻതിരിപ്പിക്കത്തക്കവിധം അവർക്ക് മദ്യം വിൽക്കുന്നത് തടയുന്നതിനും സർക്കാർ തീരുമാനിച്ചു.

2. ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിൻമേലുള്ള ആഡംബരനികുതി ഗ്യാലനേജ് ഫീസിന്റെ രൂപത്തിൽ ചുമത്തുമ്പോൾ, നിരക്ക് നിലവിലുള്ള നിരക്കായ ബൾക്ക് ലിറ്ററിന് പത്ത് രൂപയിൽ നിന്നും മുപ്പത് രൂപയായി വർദ്ധിപ്പിക്കുവാനും സർക്കാർ തീരുമാനിച്ചു.

3. കൂടാതെ മദ്യത്തിന്റെ ഉപയോഗമോ ഉപഭോഗമോ പ്രദർശനമോ കാണിക്കുന്ന സിനിമകളിലെ രംഗങ്ങളിൽ ഒരു മുന്നറിയിപ്പ് പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കുന്നതിനും ഏതെങ്കിലും സിനിമയിൽ മേൽപ്പറഞ്ഞ മുന്നറിയിപ്പ് പ്രദർശിപ്പിക്കാതെ അത്തരം രംഗങ്ങൾ കാണിക്കുന്നവർക്ക് കടുത്ത ശിക്ഷ വ്യവസ്ഥ ചെയ്യുന്നതിനും തീരുമാനിച്ചു.

4. 1077-ലെ അബ്കാരി ആക്റ്റിലെ 67-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം എക്സൈസ് കമ്മീഷണർക്ക് ചുമത്താവുന്ന പിഴ 25,000 രൂപയിൽ നിന്നും 3,00,000 രൂപയായി ഉയർത്തുന്നതിനും പ്രസ്തുത ആക്റ്റിൻകീഴിൽ ഒരു ഹോട്ടൽ ഉള്ള ഒരു പങ്കാളിത്ത ഫേമോ ഒരു കമ്പനിയോ ഏതെങ്കിലും പ്രമാണം പുനർരൂപീകരിക്കുകയോ മാറ്റം വരുത്തുകയോ രൂപഭേദം വരുത്തുകയോ ചെയ്തതിനെ (2)-ാം ഉപവകുപ്പു പ്രകാരം ചുമത്തപ്പെട്ട പിഴ അടച്ചതിനുശേഷവും ചട്ടത്തിൽ വിനിർദ്ദേശിച്ചേക്കാവുന്ന അപ്രകാരമുള്ള ഫീസ് ഈടാക്കിക്കൊണ്ടും ക്രമവൽക്കരിക്കുന്നതിന് എക്സൈസ് കമ്മീഷണറെ അധികാരപ്പെടുത്തുവാനും സർക്കാർ തീരുമാനിച്ചു.

5. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2012-ലെ അബ്കാരി (ഭേദഗതി) ബില്ലിലെ (ബിൽ നമ്പർ 127) വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട്, 2013-ലെ അബ്കാരി (ഭേദഗതി) ഓർഡിനൻസ് 2013 ഫെബ്രുവരി 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013 ഫെബ്രുവരി 27-ാം തീയതിയിലെ 558-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2013-ലെ 19-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2013 മാർച്ച് 15-ാം തീയതി ആരംഭിച്ച് 2013 ഏപ്രിൽ 10-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിഞ്ഞില്ല. അതിനാൽ, പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനു വേണ്ടി 2013-ലെ അബ്കാരി (ഭേദഗതി) ഓർഡിനൻസ്, 2013 ഏപ്രിൽ 25-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013 ഏപ്രിൽ 26-ാം തീയതിയിലെ 1171-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2013-ലെ 32-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. 2013-ലെ 32-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 6-ാം ഖണ്ഡം (ബി) ഉപഖണ്ഡപ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 1077-ലെ അബ്കാരി ആക്റ്റിന്റെ 67-ാം വകുപ്പ് (3)-ാം ഉപവകുപ്പ്, പ്രസ്തുത ആക്റ്റിൻ കീഴിൽ ഒരു ലൈസൻസ് കൈവശമുള്ള, ഒരു ഹോട്ടൽ (റസ്റ്റോറന്റ്) ഉള്ള ഒരു പങ്കാളിത്ത ഫേമോ ഒരു കമ്പനിയോ രൂപീകരിച്ചുകൊണ്ടുള്ള ഏതെങ്കിലും പ്രമാണത്തിൽ എക്സൈസ് കമ്മീഷണറുടെ മുൻകൂർ അനുമതി കൂടാതെ ചെയ്ത പുനർരൂപീകരണമോ മാറ്റം വരുത്തലോ രൂപഭേദപ്പെടുത്തലോ ക്രമവൽക്കരിച്ചു കൊടുക്കുന്നതിനുള്ള ഫീസ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കേണ്ടത് അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയതുമാണ്. കൂടാതെ, അപ്രകാരമുള്ള ചട്ടങ്ങൾ അവ ഉണ്ടാക്കിയതിനുശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കെ. ബാബു.

(ശരിത്തർജ്ജമ)

## അബ്കാരി ആക്റ്റ്, 1077-ലെ 1-ൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

15എ. മദ്യത്തിന്റെ ഉപഭോഗത്തിനോ ഉപയോഗത്തിനോ 18 വയസ്സിൽ താഴെയുള്ളവർക്കുള്ള നിരോധനം.—18 വയസ്സിൽ താഴെയുള്ള യാതൊരാളും ഏതെങ്കിലും മദ്യം ഉപഭോഗം നടത്തുകയോ ഉപയോഗിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

15ബി. 18 വയസ്സിൽ താഴെയുള്ള ആളുകൾക്ക് മദ്യം വിൽക്കുന്നതിനുള്ള നിരോധനം.—മദ്യം വിൽക്കുന്നതിന് ലൈസൻസ് നേടിയിട്ടുള്ള യാതൊരാളും, അത്തരം ലൈസൻസുള്ളയാളുടെ ജോലിക്കാരനായ യാതൊരാളുമോ അല്ലെങ്കിൽ അത്തരം ലൈസൻസുള്ളയാളുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ അനുമതിയോടെ അയാൾക്കു വേണ്ടി പ്രവർത്തിക്കുന്നയാളോ പതിനെട്ടു വയസ്സിൽ താഴെയുള്ള യാതൊരാൾക്കും മദ്യം വിൽക്കാനോ കൊടുക്കാനോ പാടില്ലാത്തതാകുന്നു.

** ** ** **

18. എങ്ങനെ ഡ്യൂട്ടിയോ കൗണ്ടർ വെയിലിംഗ് ഡ്യൂട്ടിയോ ചുമത്താമെന്ന്.—(1) അങ്ങനെയുള്ള എക്സൈസ് ഡ്യൂട്ടിയോ കൗണ്ടർ വെയിലിംഗ് ഡ്യൂട്ടിയോ ചുമത്താവുന്നതും ഈടാക്കാവുന്നതുമാണ്.

** ** ** **

(4) ഗസറ്റ് വിജ്ഞാപനപ്രകാരം, കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിച്ചേക്കാവുന്ന താഴെ കാണിച്ചിട്ടുള്ള നിരക്കിൽ കൂടാത്ത പ്രകാരമുള്ള നിരക്കിൽ (3)-ാം ഉപവകുപ്പനുസരിച്ചുള്ള ആഡംബര നികുതി ചുമത്തേണ്ടതാകുന്നു.—

**ആഡംബര നികുതി**

(എ) വിദേശമദ്യ (ഇൻഡ്യൻ നിർമ്മിതം) വില്പനയ്ക്കുള്ള ഒരു ലൈസൻസ് ഫീസ് എന്ന രീതിയിൽ ചുമത്തുമ്പോൾ.—

| | | |
|---|---|---|
| (i) | വിദേശമദ്യം മൊത്ത വില്പനയ്ക്കുള്ള ലൈസൻസിന് | ഒരു വർഷത്തേക്കോ അഥവാ അതിന്റെ ഭാഗത്തിനോ ആണെങ്കിൽ 15,000 രൂപ (പതിനയ്യായിരം രൂപ) |
| (ii) | ഹോട്ടലുകളിലും റസ്റ്റാറന്റുകളിലും വിദേശമദ്യ വില്പനയ്ക്കുള്ള ലൈസൻസിന് | ഒരു വർഷത്തേക്കോ അഥവാ അതിന്റെ ഭാഗത്തിനോ ആണെങ്കിൽ 12,000 രൂപ (പന്തീരായിരം രൂപ) |
| (iii) | ഔഷധം ചേർത്ത വൈൻ വില്പനയ്ക്കുള്ള ലൈസൻസിന് | ഒരു വർഷത്തേക്കോ അഥവാ അതിന്റെ ഭാഗത്തിനോ ആണെങ്കിൽ 1,000 രൂപ (ആയിരം രൂപ) |
| (iv) | പ്രൊപ്രൈറ്ററി അല്ലാതെയുള്ള ക്ലബ് അംഗങ്ങൾക്ക് വിദേശമദ്യ വില്പനയ്ക്കുള്ള ലൈസൻസിന് | ഒരു വർഷത്തേക്കോ അഥവാ അതിന്റെ ഭാഗത്തിനോ ആണെങ്കിൽ 1,500 രൂപ (ആയിരത്തി അഞ്ഞൂറ് രൂപ) |

| | |
|---|---|
| (ബി) ഗാലനേജ് ഫീസ് എന്ന രീതിയിൽ ചുമത്തുമ്പോൾ | ഒരു ബൾക്ക് ലിറ്ററിന് 10 രൂപ (പത്ത് രൂപ) അഥവാ ഒരു ബൾക്ക് ഗാലന് 45.46 രൂപ |

** ** ** **

55 എച്ച്. നിയമവിരുദ്ധമായ പരസ്യത്തിനുള്ള ശിക്ഷ.—ഏതെങ്കിലും മദ്യമോ ലഹരിയുള്ള ഔഷധമോ ഉപയോഗിക്കുന്നതിന് പ്രേരിപ്പിക്കുന്നതോ അത് വാഗ്ദാനം ചെയ്യുന്നതോ ആയ ഏതെങ്കിലും പരസ്യം അച്ചടിക്കുകയോ പ്രസിദ്ധീകരിക്കുകയോ നൽകുകയോ ചെയ്യുന്ന ഏതൊരാളും ആറ് മാസക്കാലം വരെയാകാവുന്ന തടവോ ഇരുപത്തയ്യായിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ് :

എന്നാൽ വിൽപ്പന കേന്ദ്രങ്ങളിൽ ഉപഭോക്താക്കളുടെ അറിവിലേക്കായി പ്രദർശിപ്പിച്ചിട്ടുള്ള വിലവിവര പട്ടികയ്ക്ക് ഈ വകുപ്പ് ബാധകമാകുന്നതല്ല.

** ** ** **

67. പിഴ ചുമത്തുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടം ലംഘിച്ചതിന്, ഈ ആക്റ്റ്പ്രകാരം നൽകപ്പെട്ട ഒരു ലൈസൻസോ പെർമിറ്റോ ഉള്ള ഏതൊരാളുടെ മേലും, ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള പിഴ ചുമത്തുന്നതിന് കമ്മീഷണർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ ആ ആൾക്ക് പറയുവാനുള്ളത് കേൾക്കാൻ ഒരു അവസരം നൽകാതെ, ഈ വകുപ്പ് പ്രകാരം ഏതെങ്കിലും പിഴ ചുമത്തിക്കൊണ്ടുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) കമ്മീഷണർക്ക്, ഈ ആക്റ്റ് പ്രകാരം ലൈസൻസോ പെർമിറ്റോ കൈവശമുള്ള ഏതെങ്കിലും ആളിനോ ആളുകൾക്കോ ഏതു പ്രമാണത്തിന്റെ പിൻബലത്തിലാണോ അങ്ങനെയുള്ള ലൈസൻസ് ലഭിച്ചിട്ടുള്ളത് ആ പ്രമാണം, കമ്മീഷണറുടെ അനുവാദം കൂടാതെ പുനഃസംഘടിപ്പിക്കുകയോ, മാറ്റം വരുത്തുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യുകവഴിയുണ്ടാകുന്ന ലംഘനത്തിന് ഓരോന്നിനും 25,000 രൂപ (ഇരുപത്തി അയ്യായിരം രൂപ മാത്രം) വീതം പിഴ ചുമത്താവുന്നതാണ്.

** ** ** **

"67എ. കുറ്റങ്ങൾ രാജിയാക്കുന്നതിനുള്ള അധികാരം.—(1) എക്സൈസ് കമ്മീഷണർക്കോ ബന്ധപ്പെട്ട ജില്ലയിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്കോ ഗസറ്റ് വിജ്ഞാപനംവഴി സർക്കാർ ഇതിലേക്ക് പ്രത്യേകമായി അധികാരപ്പെടുത്തിയ ഏതെങ്കിലും അബ്കാരി ആഫീസർക്കോ, (1)-ാം കോളത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റങ്ങൾ ചെയ്തിട്ടുണ്ടെന്ന് ന്യായമായി സംശയിക്കപ്പെടുന്ന ഏതൊരാളിൽ നിന്നും, ഏതൊരു കുറ്റമാണോ ചെയ്യപ്പെട്ടിട്ടുള്ളത് അത് രാജിയാക്കുന്നതിനായി താഴെ പട്ടികയിൽ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള തുക സ്വീകരിക്കാവുന്നതും, ഏതെങ്കിലും വസ്തു പിടിച്ചെടുത്തിട്ടുണ്ടെങ്കിൽ അത് സർക്കാരിലേക്ക് കണ്ടുകെട്ടുകയോ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം കയ്യൊഴിക്കുകയോ ചെയ്യേണ്ടതാണ്.

## പട്ടിക

| *കുറ്റം* | *ആക്റ്റിലെ തൽസ്ഥാനീയ വകുപ്പ്* | *രാജിയാക്കൽ ഫീസ് രൂപയിൽ* |
|---|---|---|
| (1) | (2) | (3) |
| വിജ്ഞാപനംവഴി സർക്കാർ നിർണ്ണയിക്കപ്പെട്ട അളവിൽ അധികമായി മദ്യമോ ലഹരി മരുന്നോ പരിവഹണം ചെയ്യുന്നത് | 10 | 5,000 |
| നിർണ്ണയിക്കപ്പെട്ട അളവിൽ അധികമായി മദ്യമോ ലഹരിമരുന്നോ കൈവശം വയ്ക്കുന്നത് | 13 | 5,000 |
| 18 വയസ്സിനുതാഴെ പ്രായമുള്ള ആളുകളുടെ മദ്യം കഴിക്കൽ അല്ലെങ്കിൽ ഉപയോഗം | 15എ | 5,000 |
| 18 വയസ്സിന് താഴെ പ്രായമുള്ള ആളിന് മദ്യം വിൽക്കുന്നത് | 15ബി | 5,000 |
| പൊതു സ്ഥലങ്ങളിൽ വച്ച് മദ്യം കഴിക്കൽ | 15സി | 5,000 |
| ഈ ആക്റ്റോ ആക്റ്റുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ ഏതെങ്കിലും ഉത്തരവോ ലംഘിച്ചു കൊണ്ട് ഏതെങ്കിലും കള്ളുൽപ്പാദി പ്പിക്കുന്ന വൃക്ഷം ചെത്തുകയോ ചെത്തുവാൻ ഇടയാക്കുകയോ ചെയ്യുന്നത് | 55(ഡി) | 10,000 |
| ഈ ആക്റ്റോ, ആക്റ്റുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ ഏതെങ്കിലും ഉത്തരവോ ലംഘിച്ചു കൊണ്ട് ഏതെങ്കിലും വൃക്ഷത്തിൽ നിന്നും കള്ള് എടുക്കുകയോ എടുക്കാൻ ഇടയാക്കുകയോ ചെയ്യുന്നത് | 55(ഇ) | 10,000 |
| ലൈസൻസിയുടെയും മറ്റും നടപടി ദൂഷ്യം | 56 | 25,000 |

| (1) | (2) | (3) |
| --- | --- | --- |
| ബിസിനസ്സിന്റെയോ നിർമ്മിക്കുന്നതിന്റെയോ സ്റ്റോക്ക് ചെയ്യുന്നതിന്റെയോ പരിസരങ്ങളിൽവച്ച്, ഉത്തമ വിശ്വാസത്തോടുകൂടിയ ഔഷധക്കൂട്ടുകളൊഴികെയുള്ള മദ്യമോ ലഹരിമരുന്നോ അടങ്ങുന്ന മരുന്നുകളുടെ ഉപഭോഗം | 56എ(2) | 5,000 |

(2) (1)-ാം ഉപവകുപ്പിൻകീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒരു കുറ്റം ഉൾപ്പെടുന്ന ഏതെങ്കിലും വ്യവഹാരം ഒരു കോടതി മുമ്പാകെ നിലവിലിരിക്കുകയാണെങ്കിൽ, ആ കുറ്റം അങ്ങനെയുള്ള കോടതിയുടെ അനുമതിയോടുകൂടി രാജിയാക്കാവുന്നതും അതിന്മേൽ എടുത്ത നടപടിയുടെ ഒരു റിപ്പോർട്ട് കോടതി മുമ്പാകെ ഫയൽ ചെയ്യേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്, അതതു സംഗതിപോലെ, അങ്ങനെയുള്ള തുകയോ വിലയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകുന്നതിന്മേൽ, കുറ്റാരോപണം ചെയ്യപ്പെട്ടിട്ടുള്ള ആളെ, അയാൾ കസ്റ്റഡിയിലാണെങ്കിൽ, മോചിപ്പിക്കേണ്ടതാണ്.

വിശദീകരണം:— ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി "രാജിയാക്കുക" എന്ന വാക്കിന് കുറ്റങ്ങൾ രാജിയാക്കുക എന്നർത്ഥമാകുന്നു.".

** ** ** **